**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3653** **12-03-2025 - ൽ മറുപടിയ്ക്ക്**

**വെള്ളിമാട്ടുകുന്ന് സോഷ്യൽ ജസ്റ്റിസ് കോംപ്ലക്സ് നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** | | **ഡോ. ആർ. ബിന്ദു**<br>**(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | കോഴിക്കോട് വെള്ളിമാട്ടുകുന്നിൽ സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള സോഷ്യൽ ജസ്റ്റിസ് കോംപ്ലക്സിന്റെ നവീകരണത്തിന് പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | 2019 ൽ സാമൂഹ്യനീതി വകുപ്പ് വിഭജിച്ച് വനിത ശിശുവികസന വകുപ്പ് രൂപീകരിച്ചിരുന്നു. എന്നാൽ ആസ്തി/ബാധ്യത വിഭജനം നാളിതുവരെ നടന്നിട്ടില്ല. കോഴിക്കോട് വെള്ളിമാട്ടുകുന്നിൽ സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള സോഷ്യൽ ജസ്റ്റിസ് കോംപ്ലക്സിൽ സാമൂഹ്യനീതി, വനിത ശിശു വികസന വകുപ്പുകളുടെ കീഴിലുള്ള ക്ഷേമസ്ഥാപനങ്ങളാണ് പ്രവർത്തിച്ചുവരുന്നത്. സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള 3 ക്ഷേമസ്ഥാപനങ്ങളായ ഗവ.ആശാഭവൻ (മെൻ), ഗവ. വൃദ്ധമന്ദിരം, എച്ച് എം ഡി സി എന്നിവയാണ് വെള്ളിമാട്ടുകുന്നിലുള്ള പ്രസ്തുത സോഷ്യൽ ജസ്റ്റിസ് കോംപ്ലക്സിൽ പ്രവർത്തിച്ചു വരുന്നത്. പ്രസ്തുത സ്ഥാപനങ്ങളിലുള്ള താമസക്കാരുടെ പുനരധിവാസ പ്രവർത്തനങ്ങളും അടിസ്ഥാന സൗകര്യ വികസനത്തിനും ആവശ്യമായ എല്ലാ നടപടികളും വകുപ്പ് സ്വീകരിച്ചു വരുന്നുണ്ട്. മേൽ സ്ഥാപനങ്ങളിൽ വകുപ്പ് മുഖേന നടത്തി വരുന്ന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>* കോഴിക്കോട് സാമൂഹ്യനീതി കോംപ്ലക്സിൽ വകുപ്പിന് കീഴിൽ പ്രവർത്തിച്ചു വരുന്ന ക്ഷേമസ്ഥാപനങ്ങൾക്ക് പ്രത്യേക ഇലക്ട്രിസിറ്റി കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിലേയ്ക്കായി നടപ്പു വർഷം 1,25,000/- രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.<br><br>* മാനസിക വെല്ലുവിളി നേരിടുന്ന 18 വയസ്സിന് താഴെ പ്രായമുള്ള ആൺകുട്ടികളെ സംരക്ഷിക്കുന്നതിനായി സാമൂഹ്യനീതി വകുപ്പിന് കീഴിൽ കോഴിക്കോട് വെള്ളിമാട്ടുകുന്ന് സാമൂഹ്യനീതി കോംപ്ലക്സിൽ പ്രവർത്തിക്കുന്ന Home for Mentally Deficient Children (HMDC) എന്ന സ്ഥാപനത്തെ മാതൃക സ്ഥാപനമായി ഉയർത്തുന്നതിനുള്ള നടപടികളുടെ ഭാഗമായി Hindustan Latex Family Planning Promotion Trust (HLFPPT) മുഖേന രണ്ട് |

| | | | |
|---|---|---|---|
| | | | ഘട്ടങ്ങളിലായി നവീകരണ പ്രവർത്തനങ്ങൾ നടത്തുകയും സ്ഥാപനത്തെ മാതൃകാ സ്ഥാപനമായി ഉയർത്തുകയും സ്ഥാപനത്തിന്റെ പേര് പുണ്യഭവൻ എന്ന് പുന:നാമകരണം ചെയ്തിട്ടുമുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ സ്ഥാപനത്തിൽ മൂന്നാം ഘട്ട നവീകരണ പ്രവർത്തനങ്ങൾ 53,89,269/- രൂപ നിർമ്മാണ ചെലവിൽ നടപ്പിലാക്കി വരുന്നു.<br><br>* കോഴിക്കോട് പുണ്യ ഭവൻ എന്ന സ്ഥാപനത്തെ മാതൃകാ സ്ഥാപനമാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി കോഴിക്കോട് ഇംഹാൻസിന്റെ സഹകരണത്തോടെ സാങ്കേതിക പിന്തുണ ലഭ്യമാകുന്നതിനുള്ള പ്രോജക്റ്റ് നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്ഥാപനത്തിലെ താമസക്കാർക്ക് തെറാപ്പി സേവനങ്ങൾ നൽകൽ, സ്ഥാപനത്തിലെ ജീവനക്കാർക്ക് പരിശീലനം നൽകൽ, താമസക്കാരുടെ മാനസികാരോഗ്യം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വവും ഏകോപനവും നൽകൽ, താമസക്കാരുടെ തൊഴിൽ നൈപുണ്യ വികസന പരിപാടികൾ നടപ്പിലാക്കൽ, സ്ഥാപനങ്ങളുടെ പ്രവർത്തനത്തിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ തയ്യാറാക്കൽ എന്നീ വിവിധങ്ങളായ പ്രവർത്തനങ്ങൾ IMHANS മുഖേന നടപ്പിലാക്കുവാൻ പ്രോജക്റ്റ് വിഭാവനം ചെയ്യുന്നുണ്ട്.<br><br>* നടപ്പ് വർഷം എച്ച് എം ഡി സി യിലെ ആറ്റകുറ്റപ്പണികൾക്കായി 4,92,000/-രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത നവീകരണ പ്രവർത്തനങ്ങൾ നടന്നു വരുന്നു.<br><br>* ഗവ. ആശഭവനിലേയ്ക്കുള്ള കോൺക്രീറ്റ് റോഡ് നിർമ്മിച്ച വകയിൽ 5,36,209/-രൂപ ചിലവഴിച്ചിട്ടുണ്ട്.<br><br>*കോഴിക്കോട് ആശാഭവൻ(മെൻ), ഗവ.വൃദ്ധസദനം എന്നിവിടങ്ങളിൽ നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും, അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുമായുള്ള പ്രൊപ്പോസലുകൾ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ച് ഫണ്ട് അനുവദിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കുന്നതാണ്. |
| (ബി) | പ്രസ്തുത കോംപ്ലക്സിലെ സുരക്ഷ കൂടുതൽ ശക്തമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) | സാമൂഹ്യനീതി കോംപ്ലക്സിലെ മുൻവശത്തെ കവാടത്തിൽ സ്ഥാപനത്തിലെ വാച്ച്മാൻമാർക്ക് ആഴ്ച്ചയിൽ 4 ഡ്യൂട്ടി വീതം നൽകാറുണ്ട്. കോഴിക്കോട് വെള്ളിമാടുകുന്നിൽ സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള സോഷ്യൽ ജസ്റ്റിസ് കോംപ്ലക്സിലെ |

| | | | |
|---|---|---|---|
| | | | സുരക്ഷ ശക്തമാക്കുന്നതുമായി ബന്ധപ്പെട്ട് സോഷ്യൽ ജസ്റ്റിസ് കോംപ്ലക്സിൽ പ്രവർത്തിക്കുന്ന ആശാഭവൻ (മെൻ), HMDC എന്നിവിടങ്ങളിൽ CCTV സ്ഥാപിക്കുന്നതിനുള്ള നടപടി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. |
| (സി) | കോംപ്ലക്സിന്റെ ചുറ്റുമതിലിന്റെ നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ? | (സി) | സാമൂഹ്യനീതി കോംപ്ലക്സിലെ എസ്റ്റേറ്റ് മാനേജർ തസ്തികയിൽ തുടരുന്നത് വനിതാ ശിശു വകുപ്പിന് കീഴിലുള്ള ചിൽഡ്രൻസ് ഹോം സൂപ്രണ്ടാണ്. കോംപ്ലക്സിന് ചുറ്റുമതിൽ നിർമിക്കുന്നതിനായി പൊതുമരാമത്ത് മുഖേന തയ്യാറാക്കിയ 1 കോടി രൂപയുടെ എസ്റ്റിമേറ്റ് അംഗീകാരത്തിനായി വനിത ശിശുവികസന വകുപ്പ് ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ